**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 4178** **12.11.2019 ൽ മറുപടിക്ക്**

**ബാംബൂ കോർപ്പറേഷന്റെ കൂടപ്പുഴ സബ് ഡിപ്പോ തുറന്നു പ്രവർത്തിപ്പിക്കാൻ നടപടി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ബി.ഡി. ദേവസ്സി | ശ്രീ. ഇ. പി. ജയരാജൻ<br>(വ്യവസായവും സ്പോർട്ട്സും യുവജനകാര്യവും, വകുപ്പ് മന്ത്രി) |
| (എ) ചാലക്കുടി മണ്ഡലത്തിൽപ്പെട്ട ചാലക്കുടി നഗരസഭയിലെ കൂടപ്പുഴയിലുണ്ടായിരുന്ന ബാംബൂ കോർപ്പറേഷന്റെ സബ് ഡിപ്പോ കഴിഞ്ഞ കുറച്ചു വർഷങ്ങളായി അടച്ചുപൂട്ടി പ്രവർത്തനരഹിതമായിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) ഈ മേഖലയിലെ പാരമ്പര്യ ഈറ്റത്തൊഴിലാളികളായ സാംബവ സമുദായത്തിൽപ്പെട്ടവർക്കടക്കം ഈറ്റ യഥാസമയം ലഭ്യമാക്കുന്നതിന് കൂടപ്പുഴ ഡിപ്പോ തുറന്നു പ്രവർത്തിപ്പിക്കുവാൻ ആവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കുമോ? | (ബി) ചാലക്കുടി മണ്ഡലത്തിൽപ്പെട്ട കൂടപ്പുഴയിലുണ്ടായിരുന്ന ബാംബൂ കോർപ്പറേഷന്റെ സബ് ഡിപ്പോ തൊഴിലാളികളുടെ എണ്ണത്തിൽ കുറവ് വന്നതിനാലും, ആരും തന്നെ വരാതെ വരികയും ചെയ്ത സാഹചര്യത്തിൽ സ്വമേധയാ അടച്ച് പൂട്ടേണ്ടതായി വന്നു. ചാലക്കുടി മണ്ഡലത്തിൽപ്പെട്ട പാരമ്പര്യ ഈറ്റത്തൊഴിലാളികളായ സാംബവ സമുദായത്തിപ്പെട്ടവർക്കടക്കം ഈറ്റ യഥാസമയം ലഭ്യമാക്കുന്നതിന് ചാലക്കുടിയിലുള്ള റീഡ്സ് ഡിസ്ട്രിബ്യൂഷൻ സെന്ററിൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഇവിടെ നിന്നും ഈറ്റ ആവശ്യാനുസരണം ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. |

Radhakrishnan

സെക്ഷൻ ഓഫീസർ